# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : നം. 1316 — 21.03.2013 ലെ മറുപടിയ്ക്ക്

## കോട്ടയം കോടിമത ചെയിൻ സർവ്വേ സ്കൂൾ കെട്ടിടം പണി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **(ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) കോട്ടയം കോടിമതയിലുള്ള ചെയിൻ സർവ്വെ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത പണി പൂർത്തിയാക്കേണ്ടത് എന്നാണെന്നും അറിയിക്കുമോ; | (എ) കോട്ടയം കോടിമതയിലുള്ള ചെയിൻ സർവ്വെ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചത് 29.06.2009 ൽ ആണ്. പ്രസ്തുത പണി പൂർത്തിയാക്കേണ്ടിയിരുന്നത് 28.06.2010 ൽ ആണ്. |
| (ബി) പ്രസ്തുത കെട്ടിടത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്നും പ്രസ്തുത നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം എന്താണെന്നും അറിയിക്കുമോ; | (ബി) സിവിൽ പണികൾ പൂർത്തിയായി. ഇലക്ട്രിക് പണികൾക്കുള്ള ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. |
| (സി) പ്രസ്തുത നിർമ്മാണത്തിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും, സർവ്വെ വകുപ്പ് അതിനായി എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (സി) പ്രസ്തുത നിർമ്മാണത്തിന് നാളിതു വരെ 49.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സർവ്വേ വകുപ്പിൽ നിന്നും നിർമ്മാണത്തിനായി 57.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത തുക എന്നാണ് അനുവദിച്ചതെന്നും ആയത് ഏതൊക്കെ ഇനത്തിലാണ് ചെലവഴിക്കപ്പെട്ടതെന്നും അറിയിക്കുമോ; | (ഡി) 1996 ൽ 25 ലക്ഷം രൂപയും 2012 ൽ 32.20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട് ഇതിൽ 49.23 ലക്ഷം രൂപ സിവിൽ പണികൾക്ക് വേണ്ടി ചെലവഴിച്ചു. |
| (ഇ) നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടം സർവ്വേ വകുപ്പിന് എന്നത്തേക്ക് കൈമാറാനാകുമെന്ന് അറിയിക്കുമോ? | (ഇ) ഇലക്ട്രിക്കൽ ജോലികൾ കൂടി പൂർത്തിയാക്കി 2013 മേയ് മാസത്തോടു കൂടി കെട്ടിടം കൈമാറാൻ കഴിയും. |

സെക്ഷൻ ഓഫീസർ